

INDIAN CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771
ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 7. 3 www.iccvienna.org September-October 2012


# Message of the Chaplain

അനുഗ്രഹസമ്പന്നമായൊരു ആത്മീയ വർഷം – പ്രേഷിത വർഷം – കടന്നുപോയി. നമ്മുടെ ഓരോരുത്തരുടേയും, നമ്മുടെ കുടുംബങ്ങളുടേയും, ഇടവകയുടേയും നവീകരണത്തിനും, പുന:പ്രതിഷ്ഠയ്ക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രേഷിത വർഷാചരണം നമ്മുടെ പ്രേഷിത ചൈതന്യത്തെ ഉണർത്തുവാനും, വളർത്തുവാനുമുള്ള കർത്താവിന്റെ ആഹ്വാനമായിരുന്നു.

ആഗോള കത്തോലിക്കാസഭ പ്രധാനപ്പെട്ട മറ്റൊരു ആത്മീയ നവീകരണ വർഷം – വിശ്വാസ വർഷം – പ്രഖ്യാപിച്ചിരിക്കയാണല്ലോ. രണ്ടാം വത്തിക്കാൻ സുനഹദോസ് തുടങ്ങിയതിന്റെ അമ്പതാം വർഷാചരണത്തിന്റെ ഭാഗമായി അടുത്ത ഒക്ടോബർ 11–ാം തിയതി മുതൽ 2013 നവംബർ 24–ാം തിയതി വരെയാണ് വിശ്വാസ വർഷാചരണത്തിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. ഈ കാലയളവിൽ നമ്മുടെ വിശ്വാസ ശാക്തീകരണ സംബന്ധമായ ഒട്ടേറെ കർമ്മ പരിപാടികൾ സഭ തയ്യാറാക്കുന്നുണ്ട്. അവയെല്ലാം നമ്മുടെ വ്യക്തി – കുടുംബ – ഇടവക തലങ്ങളെ നവീകരിക്കുന്നതിനുവേണ്ടിയുള്ളതാണ്.

വിശ്വസിക്കുന്നവന് നിത്യജീവനുണ്ട് എന്ന യേശുവിന്റെ തിരുവചന സന്ദേശം ഉൾക്കൊണ്ടുകൊണ്ട് ഈ കാലഘട്ടം ഒരു വിശ്വാസ ശാക്തീകരണ ഉത്സവ വർഷമായി നമുക്ക് ആചരിക്കാം. വിശ്വസിക്കുക. വിശ്വസിക്കാൻ പഠിക്കുക, വിശ്വാസം പ്രഘോഷിക്കുക. ഇതായിരിക്കട്ടെ ഈ വിശ്വാസ വർഷത്തെ നമ്മുടെ ആവേശവും, അനുഭവവും, ദൗത്യവും. അതനുസരിച്ച് നമ്മുടെ മലയാളി ഇടവകയിലും ഈ വിശ്വാസ വർഷം വിവിധ നവീകരണ പരിപാടികൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനായി നിങ്ങളേവരുടേയും ആത്മാർത്ഥമായ സഹകരണവും സജീവമായ പങ്കാളിത്വവും, പ്രാർത്ഥനാ സഹായവും അഭ്യർത്ഥിക്കുന്നു. നമ്മുടെ മലയാളി ഇടവക വിശ്വാസത്തിലും, സ്നേഹത്തിലും, പ്രത്യാശയിലും കൂടുതലായി വളരുന്നതിനും, അനുഗ്രഹ സമ്പന്നമാകുന്നതിനും വിയന്ന അതിരൂപതയിലുള്ള എല്ലാ മലയാളി കത്തോലിക്കാ വിശ്വാസികളുടേയും ആത്മാർത്ഥമായ പങ്കാളിത്വവും, സഹകരണവും ഉണ്ടാകണമെന്ന് താത്പര്യപ്പെടുന്നു. ഈ വിശ്വാസ വർഷം നമ്മുടെ ഇടവകയുടെ വിശ്വാസ ജീവിത ഭദ്രതയ്ക്കും, ശാക്തീകരണത്തിനും ഉതകുന്ന സുവർണ്ണാവസരമാകട്ടെ.

നമ്മുടെ സഭാധികാരികൾ നൽകിയ മാർഗ്ഗ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

1. വിയന്നായിലെ ഇന്ത്യൻ കാത്തലിക്ക് കമ്മ്യൂണിറ്റി വിയന്ന അതിരൂപതയിലുള്ള എല്ലാ മലയാളി കത്തോലിക്കർക്കും വേണ്ടിയുള്ള ഒരു നോൺ ലോക്കൽ–വ്യക്തിഗത മലയാള അന്യഭാഷാ ഇടവകയാണ്. സീറോ മലബാർ, സീറോ മലങ്കര, ലാറ്റിൻ സഭയുടെ മലയാളി യൂണിറ്റ് എന്നീ മൂന്ന് സ്വതന്ത്ര വ്യക്തിഗത കത്തോലിക്കാ സഭാപാരമ്പര്യങ്ങളിലെ അംഗങ്ങളുടെ ഇടവക കൂട്ടായ്മയാണിത്. ഒരു ലോക്കൽ ഇടവകയ്ക്കുള്ള എല്ലാ അജപാലന ലിറ്റർജിക്കൽ അധികാരങ്ങളും അവകാശങ്ങളും നമ്മുടെ മലയാളി ഇടവകയ്ക്കും ലഭിച്ചിട്ടുണ്ട്. ആയതിനാൽ വിയന്ന അതിരൂപതാ അതിർത്തിയിൽ വസിക്കുന്ന എല്ലാ മലയാളി കത്തോലിക്കാ കുടുംബങ്ങളും വ്യക്തികളും ICCയിൽ രജിസ്റ്റർ ചെയ്ത് ഈ ഇടവക കൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യപൂർവ്വം ക്ഷണിക്കുന്നു.

2. യേശുക്രിസ്തുവിൽ വിശ്വസിക്കുക, ആ വിശ്വാസം പഠിക്കുക, പ്രഘോഷിക്കുക ഇതാണ് നമ്മുടെ അടിസ്ഥാനപരമായ ക്രൈസ്തവ വിളിയും, ദൗത്യവും. ‘‘മാതാപിതാക്കളുടെ വിശ്വാസ പാരമ്പര്യത്തിന്റെ ബലത്തിലാണ് ജ്ഞാനസ്നാനം വഴി നമ്മൾ സഭയിൽ അംഗങ്ങളായത്. പ്രായത്തിനുചേർന്ന വിശ്വാസ പരിശീലനം നൽകി നമ്മളെ വിശ്വാസ പക്വതയിലേയ്ക്ക് വളർത്തിയെത്തിക്കാമെന്ന് അന്നവർ സഭയോട് വാഗ്ദാനം ചെയ്തിരുന്നു.``(Bp. Joseph Kariyil). ഇതനുസരിച്ച് നമ്മുടെ മാതാപിതാക്കന്മാർ നമുക്ക് പകർന്നുതന്ന ക്രിസ്തീയ വിശ്വാസം നമ്മുടെ പിൻതലമുറയ്ക്ക് പകർന്നു കൊടുക്കുവാൻ കുടുംബ തലങ്ങളിലും ഇടവക തലത്തിലും നമുക്കെല്ലാവർക്കും ഗൗരവതരമായ ഉത്തരവാദിത്വമുണ്ട്. അതുകൊണ്ട് വിയന്ന അതിരൂപതാ അതിർത്തിയിൽ വസിക്കുന്ന എല്ലാ മലയാളി കത്തോലിക്കാ കുടുംബങ്ങളിലേയും 6 വയസ്സുമുതലുള്ള എല്ലാ കുട്ടികളേയും അതീവതാല്പര്യത്തോടെ നമ്മുടെ മലയാളി ഇടവകയുടെ വിശ്വാസ പരിശീലന ശുശ്രൂഷയിൽ -Catechism- പങ്കുചേർക്കുവാൻ മാതാപിതാക്കളെ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

3. നമുക്ക് ഓരോരുത്തർക്കും സ്വന്തമായ ഒരു ഹൃദയവും, ഒരു കുടുംബവും ഉള്ളതുപോലെതന്നെ സ്വന്തമായൊരു ഇടവകയുമുണ്ട്. അതാണ് നമ്മുടെ ഹൃദയത്തിന്റേയും, കുടുംബത്തിന്റേയും മാതൃ–പിതൃ സംസ്ക്കാരത്തിന്റെ കൗദാശിക വേദിയായ നമ്മുടെ മലയാളി ഇടവക. ഞായറാഴ്ചകളിൽ നമ്മുടെ സ്വന്തം ഇടവക കൂട്ടായ്മയിൽ പങ്കുചേർന്ന് വിശുദ്ധ കുർബ്ബാന അർപ്പിച്ചനുഭവിക്കുവാൻ നമുക്കിവിടെ ലഭിച്ചിരിക്കുന്ന അസുലഭ ഭാഗ്യം നഷ്ടമാക്കരുത്. കല്പനകൾ ജീവന്റെ വഴികൾ. കല്പനകളുടെ ലംഘനം : പാപം. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം(3–ാമത്തെ ദൈവകല്പന); ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻ കുർബ്ബാനയിൽ പങ്കുകൊള്ളണം (തിരുസഭയുടെ 1–ാമത്തെ കല്പന) എന്ന് 3–ാം

ക്ലാസ്സിൽ നമ്മൾ പഠിച്ചിട്ടുണ്ടല്ലോ. ആയതിനാൽ ഞായറാഴ്ചകളിൽ ദൈവമായ കർത്താവിന് മുൻഗണനാർഹമായ ആരാധന സ്വന്തം ഇടവകയിലെ പരിശുദ്ധ കുർബ്ബാനയിലൂടെ നൽകുവാൻ നമുക്ക് അതീവ ഗൗരവമായ കടമയുണ്ട്. ഈ കല്പനകൾ ലംഘിക്കുന്നത് ദൈവത്തെ അവഗണിച്ച് വേദനിപ്പിക്കുകയെന്ന മനുഷ്യന്റെ ഏറ്റവും വലിയ തെറ്റാണ്. ഈ തെറ്റിനെ ചാവുദോഷമെന്നാണ് പറയുക. ദൈവത്തിന്റെ കൃപയും ശക്തിയും നമ്മിൽനിന്നും നമ്മുടെ കുടുംബങ്ങളിൽനിന്നും വേരറ്റുപോകുന്ന പാപാവസ്ഥ നമ്മുടെ കാലഘട്ടത്തിലൂടെ കടന്നുപോകുന്ന തലമുറകളെ വഴിതെറ്റിക്കാതിരിക്കാൻ നമുക്ക് ജാഗ്രത പാലിക്കാം. ഞായറാഴ്ചകളിലെ മലയാളം കുർബ്ബാനയും കാറ്റകീസവും മുടക്കിക്കൊണ്ടുള്ള യാതൊന്നും ദൈവത്തിനിഷ്ടമാകില്ല എന്ന് നമുക്കെല്ലാവരേയും ധൈര്യമായി സ്നേഹത്തോടെ ഓർമ്മിപ്പിക്കാം.

4. നമ്മുടെ ഇടവകയുടെ ഭദ്രതയ്ക്കും, ഐക്യത്തിനും വിഘാതമായ യാതൊന്നും ഉണ്ടാകാതിരിക്കുവാൻ എല്ലാവരും ആത്മാർത്ഥമായി ശ്രമിക്കണം. ഇടവക തലത്തിൽ നടത്തുന്ന എല്ലാ ആത്മീയ–അജപാലന പരിപാടികൾക്കും മുൻഗണന നൽകണം. ഇടവകയ്ക്ക് അജപാലന നേതൃത്വം നൽകുവാൻ രൂപതാദ്ധ്യക്ഷൻ അധികാരപ്പെടുത്തി നിയോഗിച്ചിരിക്കുന്ന വൈദികരുടെ നേതൃത്വ ശുശ്രൂഷയ്ക്ക് വിധേയരായി വിശ്വാസത്തിലും സ്നേഹത്തിലും ഐക്യപ്പെടുന്ന ഒരൊറ്റ മലയാളി കത്തോലിക്കാ ഇടവക കുടുംബത്തിലെ അംഗങ്ങളാണ് നമ്മളെന്ന അവബോധം നാമോരോരുത്തരിലും ശക്തിപ്പെടുത്തണം. നമ്മുടെ മലയാളി ഇടവകയിലെതന്നെ അംഗങ്ങളാണ് ഇവിടെയുള്ള എല്ലാ മലയാളി വൈദീകരും. അവരെ എല്ലാവരേയും ആദരവോടും സ്നേഹത്തോടുംകൂടെ നമുക്ക് നമ്മുടെ ഇടവകയിലേക്കും കുടുംബങ്ങളിലേക്കും സ്വാഗതം ചെയ്യാം. സാധിക്കുന്ന വിധത്തിലെല്ലാം അവരുടെ ആത്മീയ ശുശ്രൂഷയും കൂട്ടായ്മാ പങ്കാളിത്തവും സ്വീകരിക്കാം. എന്നാൽ, മലയാളി ഇടവകയുടെ അജപാലന–ലിറ്റർജിക്കൽ സംബന്ധമായ നേതൃത്വശുശ്രൂഷ ഭാഗിഗമായിട്ടെങ്കിലും ഏറ്റെടുത്ത് സഭയുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതൊന്നും ചെയ്യുവാൻ അവരെ ദയവായി പ്രേരിപ്പിക്കുകയോ ബുദ്ധിമുട്ടിക്കുകയോ ചെയ്യരുത്.

5. മലയാളികൾക്കുവേണ്ടി മലയാളി ഇടവകയുടെ അംഗീകൃത വേദികളിലല്ലാതെ കുമ്പസാരമൊഴികെ മറ്റു കൂദാശകൾ നടത്തുവാൻ രൂപതാധികാരികളുടെ അനുവാദം ആവശ്യമാണ്. ലോക്കൽ രൂപതാദ്ധ്യക്ഷന്റെ അനുവാദമില്ലാതെ കൂദാശകൾ നടത്തുന്നതും അവയിൽ പങ്കെടുക്കുന്നതും ഗൗരവമായ തെറ്റാണെന്ന് ഓർത്തിരിക്കുക. ആത്മീയ ശുശ്രൂഷകൾ നടത്തുന്ന വേദികളിലേക്ക് പോകുന്നതിനുമുമ്പ് അത്തരം ശുശ്രൂഷകൾ ഏത് അംഗീകൃത ഇടവകയുടെ അംഗീകാരത്തോടുകൂടിയാണെന്ന് വ്യക്തമായി അറിഞ്ഞിരിക്കണം. സഭയുടെ അഗീകാരമില്ലാത്ത പ്രാർത്ഥനാ ഗ്രൂപ്പുകളിലും ധ്യാനങ്ങളിലും സംബന്ധിക്കാതിരിക്കാൻ ഏവരും ശ്രദ്ധിക്കണമെന്ന് നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ നമ്മെ ഓർമ്മിപ്പിച്ചിരുന്നല്ലോ (സംയുക്ത ഇടയലേഖനം 2009 ഏപ്രിൽ 19)

6. പിതാവായ ദൈവം പുത്രനായ യേശുവിലൂടെ അപ്പസ്തോലന്മാർക്കും അവരുടെ പിൻഗാമികളായ മെത്രാന്മാർക്കും നൽകിയ അധികാര ശക്തിയിലും അഭിഷേക ചൈതന്യത്തിലും പങ്കുചേർന്നുകൊണ്ടു മാത്രമെ കൗദാശിക കൃപയും യേശുവിന്റെ ആത്മാവിന്റെ ശക്തിയും നമുക്ക് പ്രാപിക്കുവാൻ സാധിക്കുവെന്ന് ഓർക്കുക. ആയതിനാൽ വിയന്ന അതിരൂപതയിലേയോ, മറ്റ് പ്രാദേശീക രൂപതകളിലേയോ അഭിവന്ദ്യ പിതാക്കന്മാരുടെ രേഖാപരമായ അധികാരം ലഭിച്ചവരെ മാത്രമെ നമ്മുടെ ഇടവകയിൽ ആത്മീയ–ലിറ്റർജിക്കൽ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുക്കുവാൻ അനുവദിക്കാവൂ എന്ന അഭിവന്ദ്യ ശ്രേഷ്ഠ മെത്രാപ്പോലീത്തായുടെ നിർദ്ദേശം സന്തോഷത്തോടെ നമുക്ക് സ്വീകരിക്കാം.

മുകളിൽ കൊടുത്തിരിക്കുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നിങ്ങളുടെ കുടുംബാഗങ്ങളോടും സുഹൃത്തുക്കളോടും പങ്കുവയ്ക്കുക എന്ന പ്രേഷിതദൗത്യം ഏറ്റെടുക്കുവാൻ നിങ്ങളേവരേയും ക്ഷണിക്കുന്നു. ഏവർക്കും അനുഗ്രഹസമ്പന്നമായ ഒരു പുതിയ പ്രവർത്തനവർഷം ആശംസിക്കുന്നു.

ICC Chaplain: P. Thomas Thandappilly CST ICC Assistant Chaplain: P. Joy Plathottathil SVD

## Main Events in September and October

1. 7th Septembr: ICC Catechism Teachers Meeting in Meidling from 7.00 PM to 8.00 PM
2. 8th September: Kairali Nikethan School opening day
3. 9th September: ICC Catechism Classes begin at 10. 45 in Meidling; at 16. 45 in Stadlau.
   Visit of SMC Curia Bishop Mar Bosco Puthur: Holy Mass at 17. 30 in Stadlau.
4. 14th September: ICC Parish Committee Meeting in Meidling at 7. 30 PM
5. 16th September: Kids Liturgy in Meidling and in Stadlau
6. 30th September: ICC Youth Liturgy in Meidling and in Stadlau.
7. 6th October: Mothers Pilgrimage. Bus starts from Stadlau Chapel Parking place at 8.00 AM
8. 7th October: Thanksgiving Mass with Malayalee Couples –between 30 to 40 years of Marriage at 11. 30AM in Maria Lourdes Meidling.
9. 14th October: Mothers Liturgy in Meidling and in Stadlau.
10. 20th October: Reception to Rt. Dr. Joseph Kalathiparambil at 7.30 PM in Stadlau Chapel Hall.
11. 21st October: Mission Sunday. No Malayalam Mass in Maria Lourdes. Mass at Stadlau at 5. 30 PM.
12. The Next Marriage Preparation Course on 22nd, 23rd, 24th November 2012.

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*